**2010 ആഗസ്റ്റിൽ സീറോ മലബാർ അസംബ്ലി കൂടും: സീറോ മലബാർ സിനഡ്**

സീറോമലബാർ സഭയുടെ എല്ലാ തലങ്ങളിലുമുള്ള പ്രതിനിധികളുടെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ആഗസ്റ്റ് 20-22 തീയതികളിൽ ചേരുന്നതാണ്. അൽമായർ, വൈദികർ, സന്യസ്തർ എന്നിവരുടെ പ്രതിനിധികൾ അഞ്ച് വർഷത്തിലൊരിക്കൽ ചേരുന്ന സമ്മേളനമാണ് അടുത്ത വർഷം ആഗസ്റ്റിൽ കാക്കനാടുള്ള മൗണ്ട് സെന്റ് തോമസിൽ കൂടാൻ സീറോ മലബാർ സഭയുടെ സിനഡ് തീരുമാനിച്ചത്. ആഗസ്റ്റ് 17 മുതൽ 28 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേർന്ന മെത്രാന്മാരുടെ സിനഡ് ആഗസ്റ്റ് 13-15 തീയതികളിൽ നടന്ന അന്തർദേശീയ അൽമായ അസംബ്ലി സമർപ്പിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. അൽമായരെ സഭാനേതൃത്വത്തിലേക്ക് കൂടുതൽ കൊണ്ടുവരുന്നതിനെക്കുറിച്ച് സിനഡ് ചർച്ചകൾ നടത്തി. അതിനുവേണ്ടി അൽമായർക്ക് വിശ്വാസ പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കുവാൻ അൽമായ കമ്മീഷന്റേയും പ്രവാസി കമ്മീഷന്റേയും നേതൃത്വത്തിൽ സംവിധാനങ്ങൾ ഉണ്ടാകുന്നതാണ്. 2010-ലെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലേക്ക് പ്രവാസി സമൂഹത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കുവാനും പ്രസ്തുത അസംബ്ലി ചർച്ച ചെയ്യേണ്ട വിഷയങ്ങളെ സംബന്ധിച്ച് സഭാംഗങ്ങളോട് ആരായുവാനും സിനഡ് തീരുമാനിച്ചു. പ്രവാസികളായ സീറോ മലബാർ കത്തോലിക്കരുടെ അജപാലനപരമായ പ്രശ്നങ്ങൾക്ക് വത്തിക്കാനിലെ പരിശുദ്ധ സിംഹാസനത്തോടും ഭാരതത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയോടും ചേർന്ന് പരിഹാരം കണ്ടെത്താൻ സിനഡ് സത്വരശ്രമങ്ങൾ നടത്തുന്നതാണ്.

ആഗസ്റ്റ് 28 ശനിയാഴ്ച സിനഡിന്റെ സമാപന സമ്മേളനത്തിൽ, മേജർ ആർച്ചുബിഷപ് കർദ്ദിനാൾ വർക്കി വിതയത്തിൽ, ദൈവത്തോടും സമൂഹത്തോടും കൂടുതൽ പ്രതിബദ്ധതയുള്ളവരാകാൻ സഭാംഗങ്ങളോട് ആഹ്വാനം ചെയ്തു. കുടുംബത്തകർച്ച, പ്രകൃതി മലിനീകരണം, പകർച്ചപ്പനി, ഗുണ്ടായിസം, മദ്യപാനം, ദൈവനിഷേധം തുടങ്ങിയവ വർദ്ധിച്ചുവരുന്ന പ്രതിസന്ധികളിൽ കത്തോലിക്കർ സമൂഹത്തിന്റെ ധാർമ്മിക മനഃസാക്ഷിയാകാൻ കർദ്ദിനാൾ അഭ്യർത്ഥിച്ചു.

ഭാരതത്തിലെ ന്യൂനപക്ഷമായ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളിലും കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിലെ പ്രതിസന്ധിയിലും സിനഡിലെ മെത്രാന്മാർ ഉത്കണ്ഠ പ്രകടിപപിച്ചു.

പകർച്ചപ്പനി പടരുന്ന സാഹചര്യത്തിൽ ബോധവൽക്കരണവും ശുശ്രൂഷയും കാര്യക്ഷമമാക്കുവാനും സഭയുടെ തന്നെ രോഗീപരിചരണ കേന്ദ്രങ്ങൾ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുവാനും സിനഡ് നിർദ്ദേശിച്ചു. ഭക്ഷ്യ ദൗർലഭ്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ സുസ്ഥിര കൃഷിരീതിക്ക് പ്രാധാന്യം കൊടുക്കണം. കൃഷിയുടെ ക്രൈസ്തവ പാരമ്പര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഹൈറേഞ്ചിലെ കർഷകരുടെ പട്ടയ പ്രശ്നവും *Ecology Sensitive Area* എന്ന നിയമം വഴി പാവപ്പെട്ട കർഷകരുടെ കുടിയേറ്റ സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്ത് അവരെ വഴിയാധാരമാക്കുന്നത് ഗൗരവമായി സർക്കാർ വീക്ഷിക്കണമെന്ന് സിനഡ് ആവശ്യപ്പെട്ടു.

ദുർബലമായിക്കൊണ്ടിരിക്കുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഭീഷണി അകറ്റാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് സിനഡ് അഭ്യർത്ഥിച്ചു. ഗുണ്ടാ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രതിസന്ധി, അഴിമതി, മദ്യപാനം തുടങ്ങിയ തിന്മകൾക്കെതിരെ ജാഗ്രതയോടെ പൊരുതാൻ സിനഡ് നല്ലമനസുള്ള എല്ലാവരോടും അഭ്യർത്ഥിച്ചു. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ ആഗോള സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുള്ള ചാക്രികലേഖനം - *സത്യത്തിൽ സ്നേഹം* - വ്യാപകമായ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാക്കാൻ സിനഡ് നിർദ്ദേശിച്ചു. മേൽപ്പറഞ്ഞ പശ്ചാത്തലത്തിൽ സഭയുടെ പബ്ലിക് റിലേഷൻസ് വകുപ്പ് ശക്തമായി സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ട കമ്മിറ്റിയുടെ ചെയർമാൻ മാർ ജോസഫ് പവ്വത്തിലിന്റെ നേതൃത്വത്തിൽ പുതിയ സംവിധാനങ്ങൾക്ക് രൂപം നൽകി.

1993 മുതലുള്ള സഭാസിനഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ക്രിസ്മസ്, വിഭൂതി, വലിയ ആഴ്ച എന്നിവയ്ക്കുവേണ്ടിയുള്ള ആരാധന ക്രമ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത് സിനഡ് അനുസ്മരിച്ചു. ആരാധന ക്രമത്തിലെ പള്ളിക്കൂദാശക്കാലത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളുടെ ടെക്സ്റ്റ് അംഗീകരിച്ചു. വൈദിക പരിശീലനത്തിനുവേണ്ടിയുള്ള പ്രമാണരേഖ സിനഡിന്റെ പഠന വിഷയമായി. കോട്ടയത്തെ വടവാതൂർ സെമിനാരി കമ്മീഷന്റെ അംഗങ്ങളായി ആർച്ചുബിഷപ് മാത്യു മൂലക്കാട്ട് (കൺവീനർ), ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം, ബിഷപ് തോമസ് ചക്യത്ത് എന്നിവരെ തെരഞ്ഞെടുത്തു.

സമൂഹത്തിനും സഭയ്ക്കും സുത്യർഹമായ സേവനം ചെയ്തിട്ടുള്ള വ്യക്തികൾക്ക് ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ മേൽനോട്ടത്തിൽ അവാർഡ് നൽകുന്നതിന് തീരുമാനമായി.